(ബി) എങ്കിൽ ഇതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കമ്പ്യൂട്ടർവക്കരണം ഏതു ഘട്ടംവരെയായി എന്നറിയിക്കാമോ;

(ഡി) ഈ പദ്ധതിക്ക് എത്ര കോടി രൂപ ചെലവായി എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

(സി). 2003-04 സാമ്പത്തികവർഷം വരെ 114 സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവത്ക്കരിച്ചു. 2004-2005 സാമ്പത്തികവർഷം 124 സബ് രജിസ്ട്രാർ ഓഫീസുകൾ കൂടി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ഡി) ഈ പദ്ധതിക്ക് ഇതുവരെ 8,53,19,809 രൂപ ചെലവായി.

കമ്പ്യൂട്ടർവത്ക്കരിക്കാത്ത സബ് രജിസ്ട്രാർ ഓഫീസുകൾ

98 (2601) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കമ്പ്യൂട്ടർവത്ക്കരിക്കാത്ത സബ് രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം എന്നത്തേക്ക് നടക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് ആകെയുള്ള 308 സബ് രജിസ്ട്രാർ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം ഘട്ടംഘട്ടമായി നടന്നുവരികയാണ്. 2003-2004 സാമ്പത്തിക വർഷം 114 സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചു. 2004-2005 സാമ്പത്തിക വർഷം 124 സബ് രജിസ്ട്രാർ ഓഫീസുകൾ കൂടി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2005-2006 സാമ്പത്തിക വർഷാവസാനത്തോടുകൂടി എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

കോട്ടായി കേന്ദ്രീകരിച്ച് സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുവാൻ നടപടി

99 (2602) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിൽ കോട്ടായി കേന്ദ്രീകരിച്ച് സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്നതിന് ഐ. ജി. രജിസ്ട്രേഷൻ ഗവൺമെന്റിന് നൽകിയ ശുപാർശയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കുഴൽമന്ദം കോട്ടായി കേന്ദ്രീകരിച്ച് സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly